ഉത്തരം

നെയ്യാറിൻകര നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡ്യകൂം വാഴിച്ചൽ—അംബൂരി റോഡും ഇടവാം—തുടലി റോഡുമാണ്. ഇതിൽ വാഴിച്ചാൽ അംബൂരി റോഡിന്റെ പണിക്ക് ലഭിച്ച ടെണ്ടറിന്റെ നിരക്ക് വളരെ ഉയർന്നതായിരുന്നതിനാൽ അത് സ്വീകരിക്കാൻ കഴിഞ്ഞില്ല. ചീഫ് എഞ്ചിനീയർ ഈ പണിക്ക് കുട്ടേഷനുകൂം ക്ഷണിക്കാനായി ആർ ആൻറ് ബി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാമത്തെ റോഡായ ഇടവാം—തുടലി റോഡിന്റെ എസ്റ്റിമേറ്റ് ആർ ആൻറ് ബി ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സാഹചര്യങ്ങളാൽ ഈ പണികൂം എപ്പോം പൂർത്തിയാകുമെന്ന് പറയുക പ്രയാസമാണ്.

ഹിൽ റോഡ് പദ്ധതിയിൽപ്പെടുത്തിയ റോഡുകൂം

386 [420] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഹിൽറോഡ് പദ്ധതിയിൽപ്പെടുത്തി ഭാഗികമായി പ്രവർത്തി നടത്തിയിരുന്ന കൂടരഞ്ഞി—കുമ്പാറ കക്കാടംപൊയിൽ റോഡ്, കൂടരഞ്ഞി—പൂവാറൻതോട് കക്കാടംപൊയിൽ—നിലമ്പൂർ റോഡ്, പുല്ലുരാമ്പാറ—പുന്നക്കൽ കൂടരഞ്ഞി റോഡ് എന്നീ റോഡുകളുടെ ബാക്കി പ്രവർത്തികൂടി നടത്തി ഗതാഗത യോഗ്യമാക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

സാമ്പത്തിക പരിമിതികാരണം ബാക്കി പ്രവർത്തി ഉടനെ ഏറെറടുത്തു നടത്തുവാൻ പ്രയാസമുണ്ട്.

കണ്ണൂരിലെ പയ്യമ്പലം കടൽത്തീര റോഡുപണി

387 [421] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂരിലെ പയ്യമ്പലം കടൽത്തീരറോഡ് നിർമ്മിക്കുവാൻ ബഡ്ജറിൽ വക കൊള്ളിച്ചിട്ടും പ്രാരംഭപ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

കണ്ണൂരിലെ പയ്യമ്പലം കടൽത്തീരറോഡ് പൊതുമരാമത്തുവകുപ്പ് റോഡല്ല. അതിനാൽ റോഡ് പൊതുമരാമത്തുവകുപ്പിലേക്ക് ഏറെറടുത്ത ശേഷമേ പൊതുമരാമത്തുവകുപ്പിന് റോഡുപണി ഏറെറടുത്തു നടത്താൻ കഴിയൂ.

കൈതപ്പൊയിൽ—കണ്ടോത്ത്—കോടഞ്ചേരി—തന്മലമണ്ണ കൂടരഞ്ഞി റോഡ് നിർമ്മാണം

388 [422] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ലിയു.ഡി. ഏറെറടുത്ത കൈതപ്പൊയിൽ—കണ്ടോത്ത്—കോടഞ്ചേരി—തന്മലമണ്ണ—കൂടരഞ്ഞി റോഡിന്റെ നിർമ്മാണം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ചോദ്യത്തിൽ ഉദ്ദേശിക്കുന്ന റോഡ് തിരുവമ്പാടി—തന്മലമണ്ണ—കോടഞ്ചേരി—പുതുപ്പാടി റോഡാണെന്ന് കരുതുന്നു. എം.എൽ.എ. റോഡിൽ ഉൾപ്പെടാത്ത തിരുവമ്പാടി—തൻമലമണ്ണ—കോടഞ്ചേരി—പുതുപ്പാടി റോഡിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഗവൺമെന്റിൽ ലഭിച്ചിട്ടില്ല. സാമ്പത്തിക പരിമിതികൾ കണക്കിലെടുത്തു മാത്രമേ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ കഴിയൂ. അതിനാൽ റോഡിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് പറയുക പ്രയാസമാണ്.

സഞ്ചാരയോഗ്യമല്ലാത്ത റോഡ്

389 [423] ശ്രീ. സി.ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പട്ടത്തുള്ള പ്രൊവിഡൻറ് ഫണ്ട് കാർട്ടേഴ്സിലേയ്ക്കും ഹൗസിംഗ് ബോർഡ് കോളനിയിലേയ്ക്കും ഉള്ള പൊതുവഴി സഞ്ചാരയോഗ്യമല്ലായെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വഴി എത്രയും വേഗം സഞ്ചാരയോഗ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തല്പ്രദേശത്തിനാൽ ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന് നടപടി സ്വീകരിക്കുന്നതിന് പ്രയാസമാണ്.

തൃശൂർ—ഗുരുവായൂർ രാജപാത

390 [424] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 80 അടി വീതിയിൽ തൃശൂരിൽനിന്ന് ഗുരുവായൂരിലേക്കുള്ള നിർദ്ദിഷ്ട രാജപാതയുടെ എസ്റ്റിമേറ്റ് എന്നാണ് തയ്യാറാക്കിയത്.

(ബി) പുതിയ റോഡിന്റെ നീളം എത്ര; ഈ റോഡ് ഏതെല്ലാം ഭാഗങ്ങളിൽ കൂടിയാണ് പണിയാൻ ഉദ്ദേശിച്ചിരുന്നത്; ഇതുമൂലം തൃശൂർ—ഗുരുവായൂർ ദൂരം എത്രകണ്ട് കുറയും;

(സി) ഇതിനായി ഈ വർഷം ബഡ്ജറിൽ എത്ര സംഖ്യ വകകൊള്ളിച്ചിട്ടുണ്ട്;

(ഡി) ഇതിന് കേന്ദ്രം 1978—ൽ 30 ലക്ഷം രൂപ അനുവദിക്കുകയുണ്ടായോ;

(ഇ) ഈ പണിക്ക് പകരം തൃശൂർ—കുന്നംകുളം റോഡിൽനിന്ന് ഗുരുവായൂരിലേക്കുള്ള പുതിയൊരു നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(എഫ്) പഴയ നിർദ്ദേശപ്രകാരം കേന്ദ്ര സഹായം ഉപയോഗിച്ച് റോഡുപണി അടിയന്തിരമായി നടത്തുവാൻ നടപടികൾ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly